# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: SINDHU. K S Editor: Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 18/03/2026

1. കാർഷിക യന്ത്രവൽക്കരണ ഉപപദ്ധതിയിൻ (SMAM) കീഴിൽ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വിളവെടുപ്പാനന്തര, വിള സംസ്കരണ, മൂല്യ വർദ്ധിത പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും സബ്സിഡിയോടെ നൽകി വരുന്നു. 2025-2026 സാമ്പത്തിക വർഷത്തിലെ അപേക്ഷകൾ ഓൺലൈനായി http://agrimachinery.nic.in/index എന്ന വെബ് സൈറ്റ് മുഖേന നൽകാവുന്നതാണ്. പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും അപേക്ഷിക്കുന്നതിനുള്ള സഹായങ്ങൾക്കും ജില്ലകളിലെ കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയവുമായോ, ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലെ കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ, സ്ഥലത്തെ കൃഷിഭവനുമായോ 0471-2306748, 0477-2266084, 0495-2725354 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

2. റബ്ബർ ബോർഡിന്റെ പുനലൂർ കടയ്ക്കാമൺ നഴ്സറിയിൽ നിന്ന് 2026 സീസണിൽ നടാനുള്ള ആർ ആർ ഐ ഐ.105, ആർ ആർ ത്രി എ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഐ –430 കപ്പ് തൈകൾ ആവശ്യമുള്ള പുനലൂർ മേഖലയിലെ കർഷകർ തൈ ഒന്നിന് 30 രൂപ അടച്ച് കരം ഒടുക്കിയ രസീതുമായി എത്രയും പെട്ടെന്ന് റബ്ബർ ബോർഡിന്റെ പുനലൂർ റീജിയണൽ ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 8547701452.

## പരിശീലന പരിപാടി

3. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോര് ഇ-ലേണിംഗ്) "Organic Agricultural Management" എന്ന ഓൺലൈന് പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. 50% മാർക്കോടുകൂടി SSLC / തത്തുല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. താല്പര്യമുള്ളവർ www.celkau.in എന്ന വെബ്സൈറ്റിലെ 'ഇ-കൃഷി പാഠശാല' മുഖേന രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. കോഴ്സ് ആരംഭിക്കുന്ന തിയ്യതി: **2026 ഏപ്രിൽ 16.** 2026 മെയ് 16 -ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക്

പ്രസ്തുത വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 8547837256 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

4. സെൻറർ ഫോർ ഇനവേഷൻ ഇൻ സയൻസ് ആൻഡ് സോഷ്യൽ ആക്ഷന്റെ നേതൃത്വത്തിൽ തിരുവനന്തപുരം ജില്ലയിൽ കൂൺകൃഷി പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. മാർച്ച് 24-ന് വെള്ളയമ്പലം "സിസ ട്രെയിനിങ് ഹാളിൽ" നടക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 8129767116.

5. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് 2026 മാർച്ച് 18, 19 തീയതിയിൽ **ആട് വളർത്തൽ** എന്ന വിഷയത്തിലും പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0497 2763473.

6. **കാർഷിക നിർദേശം**

ഔഷധ ഗുണമുള്ള ഭക്ഷ്യയോഗ്യമായ ഒരു കിഴങ്ങു വിളയാണ് കൂവ. ഇതിന്റെ നടീൽ വസ്തു കിഴങ്ങാണ്. രോഗ വിമുക്തമായതും ആരോഗ്യമുള്ളതുമായ കിഴങ്ങ് വിത്തിനായി ശേഖരിക്കണം. മുളയ്ക്കാൻ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ശേഷിയുള്ള ഒരു മുകുളമെങ്കിലും ഓരോ കഷണം നടീൽ വസ്തുവിലും ഉണ്ടാകണം. കിളച്ചൊരുക്കിയ സ്ഥലത്ത് 30X15 സെ.മീ അകലത്തിൽ ചെറുകുഴികളെടുത്ത് മുകുളം മുകളിലേക്ക് വരത്തക്ക വിധം കിഴങ്ങ് നടാം. നട്ട് ഏഴുമാസം ആകുന്നതോടെ വിളവെടുക്കാം. ഒപ്പം ചിതൽ ശല്യവും കുറയും.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം